GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

14-07-2021

1. **വിള ഇൻഷുറൻസ് പദ്ധതി രജിസ്ട്രേഷൻ**

ഖാരിഫ് 2021 സീസണിലേക്കുള്ള പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയുടേയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയുടേയും സ്പെഷ്യൽ രജിസ്ട്രേഷൻ ക്യാമ്പയിൻ ജൂലായ് 16 വരെ നടത്തുന്നതാണ്. പദ്ധതിയിൽ ചേരാനാഗ്രഹിക്കുന്ന കർഷകർ ആധാർകാർഡ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യപേജ്, നികുതിച്ചീട്ട്, പാട്ടകൃഷിയുണ്ടെങ്കിൽ പാട്ടച്ചീട്ട് എന്നിവയുടെ കോപ്പിയുമായി ഏറ്റവും അടുത്തുള്ള കേന്ദ്രഗവൺമെന്റിന്റെ ഡിജിറ്റൽ സേവാകേന്ദ്രങ്ങളെയോ (CSC) അക്ഷയ കേന്ദ്രങ്ങളെയോ സമീപിക്കേണ്ടതാണ്.

2. **അനെർട്ട്** കർഷകർക്കുള്ള PM-KUSUM പദ്ധതി പ്രകാരം കാർഷിക പമ്പുസെറ്റുകൾ സോളാറിലേക്ക് മാറ്റുന്ന പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അനെർട്ടിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസുമായോ ഇനി പറയുന്ന നമ്പരുകളിലോ ബന്ധപ്പെടുക. **0471-2304137, 9188119401.**

3. **വിള**കളുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനും പ്രതിരോധ ശേഷി കൂട്ടുന്നതിനും സഹായിക്കുന്ന ജൈവനിയന്ത്രണ ഉപാധികളായ വിവിധ ഉൽപ്പന്നങ്ങൾ വിതരണത്തിനു സജ്ജമായിട്ടുള്ളതായി മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സംസ്ഥാന ബയോകൺട്രോൾ ലബോറട്ടറി ഡപ്യൂട്ടി ഡയറക്ടർ അറിയിക്കുന്നു.

**ഓൺലൈൻ പരിശീലന പരിപാടികൾ**

4. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (14.07.2021) രാവിലെ 11 മുതൽ 12 മണി വരെ **ഭക്ഷ്യ സുരക്ഷയ്ക്ക് പുരയിടകൃഷി** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. ചാത്തന്നൂർ അഗ്രിക്കൾച്ചർ അസിസ്റ്റന്റ് ഡയറക്ടർ വി എൻ ഷിബുകുമാർ നയിക്കുന്ന പരിശീലനം **സമേതി കേരളയുടെ** ഫേസ്ബുക്ക് പേജിൽ തത്സമയം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംപ്രേക്ഷണം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ് - 9349482600

5. **കേരള വെറ്ററിനറി സർവകലാശാല**യുടെ വിജ്ഞാനവ്യാപന വിഭാഗം ഇന്ന് (14-07-2021) വൈകിട്ട് 5 മണിക്ക് **വാണിജ്യാടിസ്ഥാനത്തിലുളള വൻകിട പന്നി ഫാം അനുഭവം പങ്കിടൽ** എന്ന വിഷയത്തിൽ ഡോ. ഗോപകുമാർ ആണ് പരിശീലനം നൽകുന്നു. സൂം പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിന്റെ ഐഡി ഇനി പറയുന്നു. **999 521 3500**. കൂടുതൽ വിവരങ്ങൾക്ക് ഇനിപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക **9446714462.**

6. റബ്ബറിനങ്ങളുടെ ശുപാർശ, നടീൽ വസ്തുക്കളുടെ ഉത്പാദനം എന്നിവ സംബന്ധിച്ച് റബ്ബർ ബോർഡ് ഓൺലൈൻ ഇന്ന് (14 ന്) ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക - 0481 2353127 / 7994650941 മെയിൽ ഐഡി : training@rubberboard.org.in

7. **ഓച്ചിറ ക്ഷീരോത്പന്ന** നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് രാവിലെ 11 മണി മുതൽ **കന്നുകാലികളുടെ ശാസ്ത്രീയ തീറ്റക്രമം** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. **9947775978** എന്ന വാട്സ്ആപ്പ് നമ്പരിലേക്കു പേരും മേൽവിലാസവും അയച്ചു നൽകി പരിശീലനത്തിന് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **04762698550.**

8. **ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** നിന്നും ഇന്ന് **കറവപ്പശുക്കളിലെ ഉപാപചയ രോഗങ്ങളും പ്രതിരോധ മാർഗങ്ങളും** എന്ന വിഷയത്തിലും നാളെ (15 ന്) '*നായകളിലെ പ്രത്യുൽപാദന പരിപാലനം*' എന്ന വിഷയത്തിലും ഓൺലൈൻ ട്രയിനിങ്ങ് നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക – **9446424556**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. **ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** ഇന്ന് ***കാട വളർത്തൽ*** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522708.**

10. പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ പരിശീലനങ്ങൾ ഇന്ന് (14ന്) **പുകരഹിത കുടംപുളി സംസ്കരണം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. രാവിലെ 11 മണിക്ക് meet.google.com/kyy-wtac-qem എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് **8078572094** എന്ന് ഫോൺ നമ്പരിൽ ബന്ധപ്പെടുക.

11. വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ചുള്ള തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ വച്ച് നാളെ (15-ന്) ആനന്ദകരമായ ആയാസരഹിതമായ ആദായകരമായ പാലുൽപാദനത്തിന് തീറ്റപ്പുൽകൃഷി എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ഇനി പറയുന്ന ഫോൺ നമ്പരിലോ ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക. **9400831831, 9400289642.** ഇ-മെയിൽ sfftraining2021@gmail.com

12. തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രം, ക്ഷീര കർഷകർക്കായി "പാലിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്ന വിഷയത്തിൽ നാളെ (ജൂലൈ 15-ാം തീയതി) രാവിലെ 11.30 മണി മുതലും "ഭരണ സമിതി അംഗങ്ങൾ അറിയേണ്ടതെല്ലാം" എന്ന വിഷയത്തിൽ ജൂലൈ 16-ാം തീയതി വെള്ളിയാഴ്ച രാവിലെ 11 മണി മുതലും ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 0471-2440911 എന്ന നമ്പരിലോ dtctvm99@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ പേര്, മേൽവിലാസം, വാട്സ്ആപ്പ് നമ്പർ എന്നിവ അയച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

13. എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ ആർ എ റ്റി റ്റി സി, വൈറ്റില കർഷകർക്കായി **പച്ചക്കറി കൃഷി പാഠങ്ങൾ** എന്ന പരമ്പരയുടെ ഭാഗമായി 16/7/2021 ന് പച്ചക്കറികൃഷി – തക്കാളി വഴുതന, മുളക് – എന്നീ വിഷയങ്ങളിൽ ഫേസ് ബുക്ക് ലൈവിലൂടെ പരിശീലനങ്ങൾ നൽകുന്നു. ആർ എ റ്റി സി ട്രയിനിങ്ങ് എന്ന ഫേസ് ബുക്ക് പേജ് വഴി പരിശീലനങ്ങളിൽ തത്സമയം പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക – **0484 2703094**

14. **സംരഭകത്വ വികസന പദ്ധതിയുടെ ഭാഗമായി** **കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ്** ബോർഡിന്റെ സഹകരണത്തോടെ സെൻട്രൽ ഹാച്ചറിയിൽവച്ച് **ആദായകരമായ പാലുൽപാദനം, ആട് പരിപാലനം, പന്നി പരിപാലനം, ഫാം മാനേജ്മെന്റ്, ഡയറി പ്രോഡക്ട്സ്** തുടങ്ങിയ വിഷയങ്ങളിൽ കോവിഡ് നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക് കർഷകർക്ക് റസിഡൻഷ്യൽ പരിശീലനം നടത്തുന്നു. താത്പര്യമുള്ളവർ ഈ മാസം 30-ന് മുമ്പായി **9188522703** എന്ന നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## അറിയിപ്പ്

15. നാളികേര വികസന ബോർഡിന്റെ സഹായത്തോടെ രോഗ-കീട ബാധിത തെങ്ങുകൾ മുറിച്ചുമാറ്റി പകരംതൈ നടുന്ന പദ്ധതിക്ക് മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ തുടക്കം കുറിച്ചു. കൂടുതൽ വിവരങ്ങൾക്ക് കൃഷിഭവനുമായി ബന്ധപ്പെടുക. ഫോൺ: **0477 2258544**

16. ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത് 2021-22 ജനകീയാസൂത്രണ പദ്ധതിയിൽ കൃഷിഭവൻ വഴി നടപ്പിലാക്കുന്ന തെങ്ങിനുള്ള ജൈവവളത്തിന്റെ പെർമിറ്റ് വിതരണം ആരംഭിച്ചു.

## വിളപരിപാലന നിർദ്ദേശങ്ങൾ

17. മഴക്കാലത്ത് ജാതിയിൽ ഇലപൊഴിച്ചിൽ വാതിരിക്കാനുള്ള മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിച്ച കൊടുക്കാവുന്നതാണ്.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം